**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 966** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഇന്ത്യ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ള നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും ഏത് തരം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിയ്ക്കും വനങ്ങൾക്കും ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കി വരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ചാണ് നടപ്പിലാക്കി വരുന്നത്. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വന സാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം,മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്ക് പുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉത്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗ്ഗിങ് തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കി വരുന്നത്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ ധനസഹായത്തോടെയാണോ നടപ്പാക്കുന്നത്; എങ്കിൽ കേന്ദ്ര/സംസ്ഥാന വിഹിതം, നാളിതുവരെ ഈ പദ്ധതിയ്ക്ക് കേന്ദ്രസഹായമായി ലഭിച്ച തുക, ചെലവഴിച്ച തുക, ഇനം എന്നിവ വ്യക്തമാക്കുമോ? | (ബി) | ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി 60% കേന്ദ്ര ധനസഹായവും 40% സംസ്ഥാന ധനസഹായവും ലഭ്യമാകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് (60:40 CSS). പദ്ധതി പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തിൽ കേന്ദ്ര സർക്കാർ വിഹിതമായി 914.82 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതമായി |

| | | | |
|---|---|---|---|
| | | | 609.88 ലക്ഷം രൂപയും ചേർത്ത് ആകെ 1524.70 ലക്ഷം രൂപ ലഭിച്ചു. 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തുക ലഭിച്ചതിനാൽ തൻ വർഷം ബന്ധപ്പെട്ട വന വികസന ഏജൻസികൾക്ക് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി തുക 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മുഴുവനായും ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20, 2020-21 വർഷത്തിൽ കേന്ദ്ര സർക്കാർ വിഹിതമായി 979.088 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതമായി 652.726 ലക്ഷം രൂപയും ചേർത്ത് ആകെ 1631.814 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 1194.614 ലക്ഷം രൂപ (കേന്ദ്ര സർക്കാർ വിഹിതം-716.7684 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതം – 477.8456 ലക്ഷം രൂപയും) 31-03-2022 വരെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി വിഹിതമായി ആകെ ലഭിച്ച തുകയിൽ മിച്ചമുള്ള 437.20 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നതിനായി ബന്ധപ്പെട്ട വന വികസന ഏജൻസികൾ ചെലവഴിച്ചു വരുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 മുതലുള്ള വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## Kerala Forest Department

## Green India Mission (GIM)

## Physical & Financial Targets and Achievements from 2016-17 to 2021-22

| Sl No | Submission/ Intervention | Physical Target (Ha/Nos) | Physical Achievement (Ha/Nos) | Financial Target (Rs. in lakhs) | Financial Achievement (Rs. in lakhs) |
|---|---|---|---|---|---|
| 1 | Sub Mission 1: Enhancing quality of forest cover and improving ecosystem services | 39557.82 | 22044.068 | 5141.424 | 1926.240 |
| 2 | Sub Mission 2: Ecosystem restoration and increase in forest cover | 857.396 | 0.976 | 365.494 | 4.420 |
| 3 | Sub Mission 3: Enhancing tree cover in Urban & Peri-urban areas (including institutional lands) | 1223.5 | 370.5 | 789.215 | 57.430 |
| 4 | Sub Mission 4: Agro-Forestry and Social Forestry (increasing biomass & creating carbon sink) | 3528.242 | 638.073 | 756.364 | 61.080 |
| 5 | Sub Mission 5: Restoration of Wetlands | 1494.28 | 200 | 622.778 | 26.800 |
| 6 | Promoting alternative fuel energy | 33342 | 7550 | 1064.780 | 381.950 |
| 7 | Support Activities | 0 | 0 | 1803.143 | 414.484 |
| | **Total** | **46661.238*** | **23253.617*** | **10543.197** | **2872.804**** |

*Total of physical target from Submission 1 to 5 (excluding Sl No.6)

** Total includes the interest of Rs.153.487 lakh accrued during the year 2016-17 & 2017-18.

********

**അനുബന്ധം-1**

## ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ വിവരം

| ക്രമ നമ്പർ | വനം ഡിവിഷന്റെ പേര് | ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിന്റെ പേര് |
|---|---|---|
| 1 | റാന്നി | റാന്നി, കോന്നി |
| 2 | കോന്നി | കോന്നി |
| 3 | പുനലൂർ | പുനലൂർ, പത്തനാപുരം |
| 4 | തെന്മല | പുനലൂർ |
| 5 | അച്ചൻകോവിൽ | പുനലൂർ |
| 6 | തിരുവനന്തപുരം | വാമനപുരം, അരുവിക്കര, പുനലൂർ |
| 7 | കോട്ടയം | ഇടുക്കി |
| 8 | കോതമംഗലം | തൊടുപുഴ |
| 9 | മൂന്നാർ | ദേവികുളം, കോതമംഗലം |
| 10 | മറയൂർ | ദേവികുളം |
| 11 | മാങ്കുളം | ദേവികുളം |
| 12 | തൃശ്ശൂർ | ചേലക്കര, കുന്നംകുളം, വടക്കാഞ്ചേരി, ഒല്ലൂർ |
| 13 | മലയാറ്റൂർ | കോതമംഗലം, അങ്കമാലി, പെരുമ്പാവൂർ |
| 14 | വാഴച്ചാൽ | ചാലക്കുടി |
| 15 | ചാലക്കുടി | ചാലക്കുടി, പുതുക്കാട് |
| 16 | പാലക്കാട് | മലമ്പുഴ, കോങ്ങാട്, ഷൊർണ്ണൂർ, പട്ടാമ്പി, ഒറ്റപ്പാലം |
| 17 | മണ്ണാർക്കാട് | മണ്ണാർക്കാട്, കോങ്ങാട് |
| 18 | നെന്മാറ | നെന്മാറ, ആലത്തൂർ |
| 19 | നിലമ്പൂർ നോർത്ത് | നിലമ്പൂർ, ഏറനാട് |
| 20 | നിലമ്പൂർ സൗത്ത് | നിലമ്പൂർ, വണ്ടൂർ |
| 21 | കോഴിക്കോട് | പേരാമ്പ്ര |
| 22 | വയനാട് സൗത്ത് | കൽപ്പറ്റ |
| 23 | വയനാട് നോർത്ത് | മാനന്തവാടി |
| 24 | കണ്ണൂർ | കൂത്തുപറമ്പ് , മട്ടന്നൂർ, പേരാവൂർ |
| 25 | കാസർഗോഡ് | കാസർഗോഡ്, മഞ്ചേശ്വരം, ഉദുമ, കാഞ്ഞങ്ങാട് |
| 26 | തിരുവനന്തപുരം വന്യ ജീവി ഡിവിഷൻ | പാറശ്ശാല, അരുവിക്കര |
| 27 | ചെന്തുരുണി വന്യ ജീവി ഡിവിഷൻ | പുനലൂർ |
| 28 | പറമ്പിക്കുളം വന്യ ജീവി ഡിവിഷൻ | നെന്മാറ |
| 29 | സൈലന്റ് വാലി നാഷണൽ പാർക്ക് വന്യ ജീവി ഡിവിഷൻ | മണ്ണാർക്കാട് |
| 30 | വയനാട് വന്യ ജീവി ഡിവിഷൻ | സുൽത്താൻ ബത്തേരി |
| 31 | പീച്ചി വന്യ ജീവി ഡിവിഷൻ | ഒല്ലൂർ, പുതുക്കാട് |
| 32 | മൂന്നാർ വന്യ ജീവി ഡിവിഷൻ | ദേവികുളം |
| 33 | ഇടുക്കി വന്യ ജീവി ഡിവിഷൻ | പീരുമേട് |
| 34 | പെരിയാർ ഈസ്റ്റ് | പീരുമേട് |

| | | |
|---|---|---|
| 35 | സോഷ്യൽ ഫോറെസ്റ്ററി ഡിവിഷൻ, എറണാകുളം | പറവൂർ, അങ്കമാലി, തൃക്കാക്കര, വൈപ്പിൻ, പിറവം, മൂവാറ്റുപുഴ |
| 36 | സോഷ്യൽ ഫോറെസ്റ്ററി ഡിവിഷൻ, ഇടുക്കി | തൊടുപുഴ |